"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി വകുപ്പ്-ഭാരതീയ പ്രകൃതിക് കൃഷി പദ്ധതി-എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന കരാർ നിയമനം നടത്തുന്നതിന് അനുമതി നൽകിയ സർക്കാർ ഉത്തരവ് പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു .

---

**കൃഷി (പിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.977/2023/AGRI തീയതി, തിരുവനന്തപുരം, 09-10-2023

---

പരാമർശം:-
1. സ.ഉ.(സാധാ) നം.775/2022/കൃഷി തീയതി 27.08.2022
2. സ.ഉ.(സാധാ) നം.879/2023/കൃഷി തീയതി 11.09.2023
3. കൃഷി ഡയറക്ടറുടെ 22.09.2023 തീയതിയിലെ ADFW/2862/2022-TF2 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ഭാരതീയ പ്രകൃതിക് കൃഷി രണ്ടാം വർഷത്തെ പദ്ധതിയുടെ സുഗമമായ നടത്തിപ്പിലേയ്ക്കായി പദ്ധതിപ്രകാരം നിലവിലുള്ള ഒഴിവിലേയ്ക്ക് ഓഫീസ് നിർവ്വഹണം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 164 ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെ 179 ദിവസം തികയുന്നതിന്റെ അടുത്ത ദിവസം ഒരു ദിവസത്തെ ഇടവേള നല്കികൊണ്ട് ഒരു വർഷത്തേയ്ക്ക് മാത്രം കരാർ അടിസ്ഥാനത്തിൽ നിയോഗിക്കുന്നതിന് അനുമതി നൽകിക്കൊണ്ടുള്ള സൂചന (2) പ്രകാരമുള്ള സർക്കാർ ഉത്തരവ് ചുവടെ ചേർത്തിരിക്കും വിധം പരിഷ്കരിച്ച് ഉത്തരവാകുന്നു.

2. ഭാരതീയ പ്രകൃതിക് കൃഷി പദ്ധതിയ്ക്കു കീഴിൽ ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയിൽ ഒരു വർഷം സേവനം അനുഷ്ഠിച്ചവരിൽ പദ്ധതിയിൻ കീഴിൽ വീണ്ടും ***തുടരുവാൻ സന്നദ്ധത അറിയിച്ച ജീവനക്കാരെ പ്രസ്തുത തസ്തികയിൽ തുടർന്ന് നിയമിക്കുന്നതിനും*** , 164 ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ തസ്തികകളിൽ ***ബാക്കിവരുന്ന ഒഴിവുള്ള തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തുന്നതിനും*** , അപ്രകാരം നിയമിക്കപ്പെടുന്ന കരാർ ജീവനക്കാർക്കും തുടരാനുമതി ലഭിക്കുന്ന കരാർ ജീവനക്കാർക്കും ***179 ദിവസം തികയുന്നതിന്റെ അടുത്ത ദിവസം ഒരു ദിവസത്തെ ഇടവേള നല്കികൊണ്ട് ഒരു വർഷത്തേയ്ക്ക് മാത്രം കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനും*** കൃഷി ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

3. മേൽ ഉത്തരവ് ടി പരിഷ്കരണത്തോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലതാകുമാരി.എം.ബി
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷികവികസന കർഷകക്ഷേമ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ് I/ആഡിറ്റ് II), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്(27.07.2023ലെ 2492894/കൃഷി-A2/127/2023-ധന നമ്പർ കുറിപ്പ് മുഖേന)
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ്&ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Megha R
സെക്ഷൻ ഓഫീസർ
Date: 09-10-2023 14:37:56